**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3595** **08-10-2025 - ൽ മറുപടിയ്ക്ക്**

**മ്യൂട്ടേഷൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ നിയമാനുസൃത അവകാശികൾക്ക് വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ കൈമാറുന്നതിനുള്ള മ്യൂട്ടേഷൻ നടപടികളുടെ പൂർത്തീകരണത്തിന്, അനന്തര അവകാശ സർട്ടിഫിക്കറ്റിന്റെയും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ നിർബന്ധമായും സത്യവാങ്മൂലം സമർപ്പിക്കണം എന്നുള്ള കേരള ഹൈക്കോടതിയുടെ 14-11-2024 ലെ ഉത്തരവ് (ബാബു ആർ. vs സ്റ്റേറ്റ് ഓഫ് കേരള) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സത്യവാങ്മൂലത്തിന്റെ മാതൃക റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ബഹു.കേരള ഹൈക്കോടതിയുടെ 14.11.2024 ലെ ഉത്തരവ് (ബാബു ആർ Vs സ്റ്റേറ്റ് ഓഫ് കേരള) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് കൈമാറുന്നതിനുള്ള മ്യൂട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട്, അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ സത്യവാങ്മൂലം സമർപ്പിക്കണമെന്ന് പ്രസ്തുത വിധിന്യായത്തിൽ കോടതി നിർദ്ദേശിക്കുന്നുണ്ടെങ്കിലും.സത്യവാങ്മൂലത്തിന്റെ മാതൃക പുറപ്പെടുവിക്കണമെന്ന നിർദ്ദേശിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സത്യവാങ്മൂലത്തിന്റെ മാതൃക പുറപ്പെടുവിക്കുന്നതിലേക്കായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ബഹു.കേരള ഹൈക്കോടതിയുടെ 14.11.2024 ലെ ഉത്തരവ് (ബാബു ആർ Vs സ്റ്റേറ്റ് ഓഫ് കേരള) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് കൈമാറുന്നതിനുള്ള മ്യൂട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട്, അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ സത്യവാങ്മൂലം സമർപ്പിക്കണമെന്ന് പ്രസ്തുത വിധിന്യായത്തിൽ കോടതി നിർദ്ദേശിക്കുന്നുണ്ടെങ്കിലും.സത്യവാങ്മൂലത്തിന്റെ മാതൃക പുറപ്പെടുവിക്കണമെന്ന നിർദ്ദേശിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സത്യവാങ്മൂലത്തിന്റെ മാതൃക റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ സമാന സാഹചര്യങ്ങളിൽ നിലവിലുള്ള മ്യൂട്ടേഷൻ നടപടികളുടെ പൂർത്തീകരണത്തിന് വേണ്ടി റവന്യൂ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും കോടതി ഉത്തരവുകളുടെയും അവകാശികൾ സമർപ്പിക്കുന്ന സത്യാവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ പോക്കുവരവ് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം, വിൽപത്രം വഴിയുള്ള ട്രാൻസ്ഫർ ഓഫ് രജിസ്ട്രി |

| | | | |
|---|---|---|---|
| | | | (പോക്കുവരവ്) സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി പോക്കുവരവ് ചട്ടങ്ങൾ, 1966 ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ